# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3124      14.03.2018-ൽ മറുപടിയ്ക്ക്

### ലോക കേരളസഭ

| ചോദ്യം<br>ശ്രീ.അൻവർ സാദത്ത് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) ലോക കേരളസഭയോഗം ചേർന്ന ഹാളിലെ സീറ്റിംഗ് ക്രമീകരണങ്ങൾക്ക് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയത് ; ഈ ഇനത്തിൽ പ്രസ്തുത ഏജൻസിക്ക് എന്ത് തുക നല്കി ; ടെൻഡർ വിളിച്ചാണോ പ്രസ്തുത ഏജൻസിയെ ചുമതലപ്പെടുത്തിയത് ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) | ലോക കേരള സഭ യോഗം ചേർന്ന ഹാളിലെ സീറ്റിംഗ് ക്രമീകരണങ്ങൾക്ക് മൈത്രി അഡ്വർടൈസിംഗ് വർക്ക്സ് പ്രൈവറ്റ് ലിമിറ്റഡിനെയാണ് ചുമതലപ്പെടുത്തിയത്. ബില്ലുകളുടെ അന്തിമ സെറ്റിൽമെന്റ് നടത്തിയിട്ടില്ലാത്തതിനാൽ ചെലവായ ആകെ തുക സംബന്ധിച്ച വിവരം ലഭ്യമല്ല. ലോക കേരളസഭ നടത്തിപ്പ് സംബന്ധിച്ച് സർക്കാർ രൂപീകരിച്ച എംപവേർഡ് കമ്മിറ്റിയുടെ തീരുമാന പ്രകാരം വിനോദ സഞ്ചാര വകുപ്പിന്റെ എംപാനൽഡ് ഏജൻസിയായ മൈത്രി അഡ്വർടൈസിംഗ് വർക്ക്സ് പ്രൈവറ്റ് ലിമിറ്റഡിനെയാണ് ചുമതല ഏൽപ്പിച്ചത്. അതിനാൽ ടെൻഡർ നടപടികൾ ഉണ്ടായിട്ടില്ല. |
| (ബി) ലോക കേരള സഭയിൽ പങ്കെടുത്ത എത്ര പ്രതിനിധികൾക്ക് വിമാന ടിക്കറ്റ് അനുവദിച്ച നൽകി ; അതിനായി എന്ത് തുക ചെലവഴിച്ചു; | (ബി) | ലോക കേരള സഭയിൽ പങ്കെടുത്ത 65 പ്രതിനിധികൾക്ക് തിരുവനന്തപുരത്തേയ്ക്കും തിരിച്ചുമുള്ള വിമാന യാത്രാ ടിക്കറ്റുകൾ അനുവദിച്ച നൽകിയിട്ടുണ്ട്. ബില്ലുകളുടെ അന്തിമ സെറ്റിൽമെന്റ് പൂർത്തിയായിട്ടില്ല. |
| (സി) ഏതൊക്കെ ഹോട്ടലുകളിലാണ് അംഗങ്ങൾക്ക് താമസസൗകര്യം ഒരുക്കിയത് ; പ്രസ്തുത താമസ സൗകര്യം, ഭക്ഷണം, യാത്രാ ചെലവ് എന്നീ ഇനങ്ങളിൽ എന്ത് തുക ചെലവഴിച്ചു ; | (സി) | താജ് വിവാന്ത, ഹിൽട്ടൺ, അപ്പോളോ ഡിമോറ, ഹൈസിന്ത്, എസ്.പി. ഗ്രാന്റ് ഡേയ്സ് എന്നീ ഹോട്ടലുകളിലാണ് പ്രതിനിധികൾക്ക് താമസ സൗകര്യം ഒരുക്കിയിരുന്നത്. ചെലവുകൾ സംബന്ധിച്ച ബില്ലുകളുടെ അന്തിമ സെറ്റിൽമെന്റ് പൂർത്തിയായിട്ടില്ല. |

| | | | |
|---|---|---|---|
| ഡി) | ലോക കേരള സഭയിലെ ചർച്ചകളിൽ ഉരുത്തിരിഞ്ഞു വന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് പ്രത്യേക സംവിധാനം ഒരുക്കുന്നതിന് ആലോചിക്കുന്നുണ്ടോ ; വിശദാംശം നല്കുമോ ? | ഡി) | ലോക കേരള സഭയുടെ തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ലോക കേരള സഭ സെക്രട്ടേറിയറ്റ് സംവിധാനം ഒരുക്കുന്നതിന് ആലോചനയുണ്ട്. |

സെക്ഷൻ ഓഫീസർ